1. മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി, മലപ്പുറം, വേങ്ങര
2. കെ.പി.എം.എസ്. കുര്യോട്ടുമല, കൊല്ലം
3. പി.ആർ.ഡി.എസ്., അമര, ചങ്ങനാശ്ശേരി, കോട്ടയം
4. ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി, വണ്ടൂർ, മലപ്പുറം

(ബി) അനുവദിച്ച 4 എയ്ഡഡ് കോളേജുകളിൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് അനുവദിച്ച മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന കോളേജിന് 23 അദ്ധ്യാപക തസ്തികകളും 8 അനദ്ധ്യാപക തസ്തികകളും വണ്ടൂർ അംബേദ്ക്കർ കോളേജ് ഓഫ് ആർട്സ് & സയൻസിന് പ്രിൻസിപ്പാൾ ഉൾപ്പെടെ 8 അദ്ധ്യാപക തസ്തികകളും 7 അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി 1,93,35,774 രൂപ (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റി എഴുപത്തി നാല് രൂപ) പ്രതിവർഷം അധികച്ചെലവ് വരും.

## സർക്കാർ കോളേജുകൾ

24 (1098) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ ആയത് ആരംഭിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കോളേജുകൾ ആരംഭിച്ചു; ബാക്കിയുള്ളവ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

17 ഗവൺമെന്റ് കോളേജുകളും ഒരു എയ്ഡഡ് കോളേജും അനുവദിച്ച മലമ്പുഴ, ആലത്തൂർ എന്നീ രണ്ട് നിയോജക മണ്ഡലങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ കിട്ടിയിട്ടില്ല. വൈപ്പിനിൽ കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന അധിക വിവരങ്ങൾ ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കരുനാഗപ്പള്ളിയിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly